**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - കണ്ണൂർ ജില്ലയിലെ പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ മുതൽ രാമന്തളി വരെ റോഡ് വീതികൂട്ടുന്നതിന് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു. പയ്യന്നൂർ സബ് കോടതിയിലെ എൽ.എ. ആർ 18/94 ( ഇ.പി 85/05) നമ്പർ കേസിന് വിധി തുക അനുവദിക്കുന്നതിനായി പുതുക്കിയ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (പി.എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.896/2025/PWD തിരുവനന്തപുരം, തീയതി, 20-06-2025

---

പരാമർശം:- 1. സ.ഉ(പി) നം. 32/2019/ധന തീയതി, 18.3.2019

2. സ.ഉ(സാധ) നം. 579/2021/പൊ.മ.വ തീയതി, 22.06.2021

3. പൊതുമരാമത്ത് (നിരത്ത്) വിഭാഗം ചീഫ് എഞ്ചിനീയറുടെ 07.11.2024-ലെ No.CEPWD/3419/2021-FR5(F)-RD നമ്പർ കത്ത്

4 സ.ഉ(സാധ) നം. 3302/2025/ധന തീയതി, 01.04.2025

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ റയിൽവേ സ്റ്റേഷൻ മുതൽ രാമന്തളി വരെ റോഡ് വീതി കൂട്ടുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബഹു.പയ്യന്നൂർ സബ് കോടതിയിലെ എൽ.എ.ആർ കേസ് നം 18/1994 (EP 85/05)ന് പരാമർശം (2) ഉത്തരവ് പ്രകാരം 1,28,927/- രൂപ 5054-04-337-80-00-00-PC ശീർഷകത്തിൽ നിന്നും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) 2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 1,28,927/-രൂപ വിനിയോഗിക്കാൻ സാധിച്ചില്ല എന്നും 2024-25 സാമ്പത്തിക വർഷത്തിൽ വീണ്ടും അനുവദിക്കുന്നതിലേക്കായി ബാലൻസ് വിധിക്കടത്തുകയായ 1,45,272- രൂപ ആവശ്യമുണ്ടെന്നും ഇതിനുള്ള ഭരണാനുമതി 5054-04-337-80-00-PC എന്ന ശീർഷകത്തിൽ അനുവദിക്കണമെന്നും നിരത്തു വിഭാഗം ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ പയ്യന്നൂർ

റയിൽവേ സ്റ്റേഷൻ മുതൽ രാമന്തളി വരെ റോഡ് വീതി കൂട്ടുന്നതുയുമായി ബന്ധപ്പെട്ട ബഹു.പയ്യന്നൂർ സബ് കോടതിയിലെ എൽ.എ.ആർ കേസ് നം 18/94 (EP 85/05) ന്റെ ബാലൻസ് വിധി തുക പലിശ സഹിതം ₹ 1,45,272/- രൂപ ( ഒരു ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി ഇരുന്നൂറ്റി എഴുപത്തി രണ്ട് രൂപാ മാത്രം), പരാമർശം (1) സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശ പ്രകാരം, 5054-04-337-80-PC എന്ന ശീർഷകത്തിൽ അനുവദിച്ച് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUJITHA KUMARI S S

**ഡെപ്യൂട്ടി സെക്രട്ടറി**

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (നിരത്ത്), തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ) / (ആഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (എ&ഇ) / (ആഡിറ്റ്), കേരളം, തിരുവനന്തപുരം / തൃശ്ശൂർ

ധനകാര്യ വകുപ്പ് (No. I&PW-B1/183/2024-F (E -3160833) തീയതി, 08.06.2025)

വിവര പൊതു ജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ (പിഎസ്.2/155/2025/പൊ.മ.വ)

ഉത്തരവിൻ പ്രകാരം

Signed by
Aneesh S
Date: 20-06-2025 12:28:51
സെക്ഷൻ ഓഫീസർ